"മാതൃഭാഷ - മലയാളം"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - കണ്ടെയിൻമെന്റ് സോണുകളിൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ പോലീസ് വകുപ്പിന് കൂടുതൽ ചുമതലകൾ നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

സ.ഉ.(സാധാ).നം.2373/2020/പൊഭ.വ തീയതി, തിരുവനന്തപുരം, 27.07.2020

**<u>ഉത്തരവ്</u>**

കോവിഡ്-19 എന്ന മഹാമാരി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പടർന്ന് പിടിച്ചു കൊണ്ടിരിക്കുകയും സമ്പർക്കത്തിലൂടെ രോഗം പകരുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരികയുമാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ സംസ്ഥാനത്താകെ ഏർപ്പെടുത്തിയിരുന്ന ലോക് ഡൗണിന്റെ ഒന്നാം ഘട്ടത്തിൽ രോഗപ്രതിരോധ മാർഗ്ഗങ്ങളായ സാമൂഹിക അകല പാലനം, ഹോം ക്വാറന്റയിൻ, അനാവശ്യ യാത്ര തടയൽ തുടങ്ങിയവ പോലീസ് ഫലപ്രദമായി നടപ്പിലാക്കുകയും സംസ്ഥാനത്ത് രോഗവ്യാപനം നിയന്ത്രണവിധേയമാക്കാനും കഴിഞ്ഞിരുന്നു. സംസ്ഥാനത്ത് നിലവിൽ രോഗവ്യാപനം കൂടുതലുള്ള പ്രദേശങ്ങളെ കണ്ടെയിൻമെന്റ് സോണുകളും, ക്ലസ്റ്ററുകളുമായി തിരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യം, റവന്യൂ, പോലീസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ ടി പ്രദേശങ്ങളിൽ പ്രത്യേകം നിയന്ത്രണങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. എങ്കിലും രോഗവ്യാപന കൂടുതലുള്ള പ്രദേശങ്ങളിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി എൻഫോഴ്സിങ്ങ് ഏജൻസിയായ പോലീസിന് കൂടുതൽ ചുമതല നൽകേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. ജില്ലാ മജിസ്ട്രേറ്റ് കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും ആയത് കർശനമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

2. കണ്ടെയിൻമെന്റ് സോണുകളിൽ രോഗപ്രതിരോധ മാർഗ്ഗങ്ങളായ സാമൂഹിക അകല പാലനം, മാസ്ക് ധരിക്കൽ, ഹോം ക്വാറന്റയിൻ ഉറപ്പു വരുത്തൽ, അനാവശ്യ യാത്രകൾ ഒഴിവാക്കൽ തുടങ്ങിയവ ബന്ധപ്പെട്ട ജില്ലാ പോലീസ് ഉറപ്പ് വരുത്തേണ്ടതാണ്.

3. ഒരു പ്രദേശത്ത് ട്രിപ്പിൾ ലോക്ക് ഡൗൺ പോലുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാ പോലീസ് മേധാവി ആയത് സംബന്ധിച്ച ശിപാർശ ജില്ലാ മജിസ്ട്രേറ്റിന് നൽകേണ്ടതും, ജില്ലാ മജിസ്ട്രേറ്റ് അത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

4. ട്രിപ്പിൾ ലോക്ക് ഡൗൺ ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിലേയ്ക്കും, കണ്ടെയിൻമെന്റ്

സോണുകളിലേക്കുമുള്ള എൻട്രി, എക്സിറ്റ് പോയിന്റുകൾ ജില്ലാ പോലീസ് തീരുമാനിക്കേണ്ടതും ടി പ്രദേശങ്ങളിലേയ്ക്കുള്ള സഞ്ചാരം ടി മാർഗ്ഗങ്ങളിലൂടെ മാത്രമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വിശ്വാസ് മേത്ത**
ചീഫ് സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ